# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.53** **29.01.2019-ൽ മറുപടിക്ക്**

### വൈദ്യുതി നയം

| | ചോദ്യം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>" പി.കെ. അബ്ദു റബ്ബ്<br>" പാറക്കൽ അബ്ദുല്ല<br>" എം. ഉമ്മർ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി നയത്തിന് രൂപം കൊടുക്കാൻ തീരുമാനമെടുത്തി ട്ടുണ്ടോ; | (എ) | ഉണ്ട്. അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെട്ടുത്തുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് വൈദ്യുതനയം 2019 രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വൈദ്യുതി നയത്തിന്റെ കരട് പൊതു അഭിപ്രായങ്ങൾ ആരായുന്നതിനായി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പുതിയ വൈദ്യുതി നയം നിലവിൽ വരുന്നതോടെ കെ.എസ്. ഇ.ബി.യുടെ ചെലവുകൾ എത്രത്തോളം കുറയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (ബി) | പുതിയ വൈദ്യുത നയം നിലവിൽ വരുന്നതോടുകൂടി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ചെലവുകൾ എത്രത്തോളം കുറയ്ക്കാനാകും എന്ന് കണക്കാക്കിയിട്ടില്ല |
| (സി) | ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങളാണ് സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | നിലവിൽ പൊതുമേഖല മാത്രമായി കൈകാര്യം ചെയ്യുന്ന ഏതെങ്കിലും മേഖലയിലെ പ്രവർത്തനങ്ങൾ സ്വകാര്യ മേഖലയിലേക്ക് കൈമാറാൻ കരട് വൈദ്യുതനയം വിഭാവനം ചെയ്യുന്നില്ല. വൈദ്യുതി ഉത്പാദന രംഗത്ത് സ്വകാര്യ പങ്കാളിത്തം നിലവിലുള്ള രീതിയിൽ തുടർന്നും പ്രോത്സാഹിപ്പിക്കാൻ നയം ലക്ഷ്യമിടുന്നുണ്ട്. |
| (ഡി) | ഈ നയം മാറ്റത്തിലൂടെ വൈദ്യുതി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടാമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം നൽകമോ? | (ഡി) | സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രാഥമിക ഊർജ്ജ സ്രോതസ്സുകളിൽനിന്നും, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തി വരും വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത പൂർണ്ണമായും നിറവേറ്റുക എന്നതാണ് കരട് വൈദ്യുത നയം 2019 ലക്ഷ്യമിടുന്നത്. പരിസ്ഥിതിക്ക് ദോഷകരമാവാത്ത രീതിയിൽ സംഭരണ ശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, നിർമ്മാണം |

| | | | |
|---|---|---|---|
| | | | സ്തംഭനത്തിലായ പദ്ധതികൾ ത്വരിതപ്പെടുത്തുക നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷിയും സംഭരണ ശേഷിയും വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളിലൂടെ ഗുണമേന്മയുള്ള വൈദ്യുതി 24x7 അടിസ്ഥാനത്തിൽ വർഷം മുഴുവൻകുറഞ്ഞ ചെലവിൽ ലഭ്യമാക്കാനാണ് കരട് നയം വിഭാവനം ചെയ്യുന്നത്. കേരളത്തിലെ വൈദ്യുതി മേഖലയിൽ വിവിധ തരത്തിലുള്ള വൈദ്യുതി ഉല്പാദന രീതികൾ സമന്വയിപ്പിച്ച് സ്വയം പര്യാപ്തതയിൽ എത്തുക എന്നതാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ